# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1363

22.03.2013
മറുപടിക്ക്

## ദേശീയ ഗ്രാമീണ ജീവനദൗത്യം വഴി സൂക്ഷ്മ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശശി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) ദേശീയ ഗ്രാമീണ ജീവനദൗത്യം വഴി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന വിഹിതമായി 2012-13 വർഷം വകയിരുത്തിയ 10 കോടി രൂപ ഉൾപ്പെടെ എത്ര തുക വകയിരുത്തിയിരുന്നു; | എ) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് ആകെ 52.50 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ കേന്ദ്രവിഹിതം 39.38 കോടി രൂപയും സംസ്ഥാന വിഹിതം 13.12 കോടി രൂപയുമാണ്. 2012-13 ബഡ്ജറ്റിൽ സംസ്ഥാനവിഹിതമായി വകയിരുത്തിയിരിക്കുന്നത് 10 കോടി രൂപയാണ്. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി ഇനത്തിൽ തുക അനുവദിക്കാൻ സാധിക്കുകയില്ല. സൂക്ഷ്മസംരംഭ പരിശീലനങ്ങൾ, വിപണനപിന്തുണ എന്നിവയ്ക്കായി ആകെ 21.70 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡു എന്ന |

നിലയ്ക്ക് നാളിതുവരെ 19.69 കോടി രൂപ വാർഷിക പദ്ധതിയിൽ കേന്ദ്ര സർക്കാർ കുടുംബശ്രീക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ബി) സംസ്ഥാന വിഹിതത്തിൽ നിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു;

ബി) സംസ്ഥാന വിഹിതമായി 2012-13 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 10.00 കോടി രൂപയിൽ 6.56 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ചു ഉത്തരവായിട്ടുണ്ട്.

സി) പ്രസ്തുത പരിപാടിക്കായി തിരുവനന്തപുരം ജില്ലയ്ക്കായി സംസ്ഥാന വിഹിതം ഉൾപ്പെടെ എത്ര തുക നീക്കിവച്ചുവെന്നും അതിൽ ഓരോ വിഹിതത്തിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും ഈ വർഷം പ്രസ്തുത പരിപാടിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ?

സി) കേന്ദ്ര പദ്ധതി വിഹിതത്തിൽ നിന്നും 23.61 ലക്ഷം രൂപ തിരുവനന്തപുരം ജില്ല സൂക്ഷ്മസംരംഭ പരിശീലനങ്ങൾ, വിപണനപിന്തുണ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നടപ്പു സാമ്പത്തിക വർഷം 6 വ്യക്തിഗത സംരംഭങ്ങളും 12 ഗ്രൂപ്പ് സംരംഭങ്ങളും പുതുതായി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ